## പതിമൂന്നാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.148 05/03/2012 - ൽ മറുപടിയ്ക്ക്

**ജയിലുകളിൽ ഫോൺ ഉപയോഗിക്കുന്നത് സംബന്ധിച്ച്**

| ചോദ്യം<br>ശ്രീ. സി..ദിവാകരൻ | ഉത്തരം<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ). ജയിലുകളിൽ ഫോൺ ഉപയോഗിക്കുന്നത് സംബന്ധിച്ചുണ്ടായ കേസുകളിൽ എത്ര ജയിൽ ജീവനക്കാർക്കെതിരെയാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; | (എ). കണ്ണൂർ സെൻട്രൽ ജയിലിലെ സുരക്ഷാ സംബന്ധിച്ചുള്ള ഇന്റലിജൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 3 ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുകയും ഒരു ജയിലറെ സർവ്വീസിൽ നിന്നും മാറ്റി നിർത്തുകയും ചെയ്തിട്ടുള്ളതാണ്. |
| (ബി).കണ്ണൂർ സെൻട്രൽ ജയിലിൽ നിന്നും തീവ്രവാദബന്ധമുള്ള രാജ്യാന്തര കോളുകൾപോലും വിളിക്കുന്നുണ്ടെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ? | (ബി). കണ്ണൂർ സെൻട്രൽ ജയിലിലെ തടവുകാർ വ്യാപകമായി അനധികൃതമായി മൊബൈൽ ഫോൺ ഉപയോഗിക്കുന്നുണ്ടെന്ന് വിവരം ലഭിച്ചതിനെ തുടർന്ന് ജയിൽ ബ്ലോക്കുകളിൽ കർശനമായ പരിശോധന നടത്തുകയും ഇരുപതോളം മൊബൈൽ ഫോണുകൾ പിടിച്ചെടുക്കുകയും അവയിൽ 28 ഫോണിന്റെ കോൾ ഡീറ്റയിൽസ് പോലീസ് ഹൈടെക്ക് സെല്ലിലൂടെ ലഭിക്കുകയും ചെയ്തു. പ്രസ്തുത ഫോൺ കോൾ ഡീറ്റയിൽസ് പരിശോധിച്ചതിൽ തീവ്രവാദ ബന്ധമുള്ള രാജ്യാന്തര കോളുകൾ ഇവയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ള സംശയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് ഈ വിഷയം ഗൗരവമായി പരിഗണിക്കുന്നതിനും NIA യെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനും അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ ലഭ്യമായ ഫോൺ കോളുകളുടെ വിവരം കൈമാറുകയും അതിൽ ഭീകരപ്രവർത്തനം ഉണ്ടായെന്നും അന്വേഷിച്ച് വിവരം സംസ്ഥാന സർക്കാരിനേയും ജയിൽ വകുപ്പിനേയും അറിയിക്കണമെന്ന് ഇന്റലിജൻസ് ബ്യൂറോ ഐ.ജിയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ